SOFT പദ്ധതിയുടെ സംസ്ഥാനതല പ്രവർത്തനോദ്ഘാടനം **23.01.2017 തിയതി രാവിലെ 10.30 മണിക്ക്** തിരുവനന്തപുരം **ടാഗോർ തിയേറ്ററിൽ** വച്ചു നടത്തുന്നതാണ്. ചടങ്ങിൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ, ഗതാഗത വകുപ്പ് മന്ത്രി A.K ശശീന്ദ്രൻ , പത്മശ്രീ മോഹൻ ലാൽ, MLA K.മുരളീധരൻ, മേയർ V.K പ്രശാന്ത്, DGP ലോക് നാഥ് ബഹ്റ, ഗതാഗത സെക്രട്ടറി ശ്രീ. K . R ജ്യോതീലാൽ I A S, ട്രാൻസ്പോർട്ട് കമ്മീഷ്ണർ S. ആനന്ദ കൃഷ്ണൻ IPS, ADGP ഡോക്ടർ B. സന്ധ്യ മറ്റ് പ്രമുഖ വിശിഷ്ട വ്യക്തികളും പങ്കടുക്കുന്നതാണ്.

ശുഭയാത്ര പദ്ധതിയുടെ പ്രചരണാർത്ഥം തയ്യാറാക്കിയിട്ടുള്ള Short film അന്നേ ദിവസം പ്രകാശനം ചെയ്യുന്നു. ശുഭയാത്രയുടെ ഭാഗമായി കുട്ടികൾക്കായി രൂപകൽപ്പന ചെയ്ത **'Activity book'** ന്റെ പ്രകാശനവും തദ്ദവസരത്തിൽ നിർവ്വഹിക്കുന്നതാണ്. ചിത്രരചനയിലൂടെയും മറ്റും ഗതാഗത നിയമങ്ങളെ കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കത്തക്ക വിധത്തിലാണ് ഈ പുസ്തകം ചിട്ടപ്പെടുത്തിയിട്ടുള്ളത്. വിനോദത്തിലൂടെ ഗതാഗത നിയമങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടു കൂടി തയ്യാറാക്കിയിട്ടുള്ള **3D Animated Video Game** ചടങ്ങിൽ വച്ച് ഉദ്ഘാടനം ചെയ്ത് Google play store ൽ upload ചെയ്യും. കേരള പോലീസ് നടപ്പിലാക്കി വരുന്ന ശുഭ യാത്ര പദ്ധതിയുടെ വിജയത്തിനായി മികച്ച സംഭാവനകൾ നൽകിയ വ്യക്തികളെയും പോലീസ് ഉദ്യോഗസ്ഥരേയും ചടങ്ങിൽ വച്ച് ആദരിക്കും.കൂടാതെ അന്നേദിവസം രാവിലെ 10.00 മണിക്ക് ശുഭയാത്രയുടെ ഭാഗമായി പട്ടം ഗേൾസ് ഹൈസ്കൂളിൽ ക്രമീകരിച്ചിട്ടുള്ള **Traffic Smart Class** ന്റെ ഉദ്ഘാടനം **പത്മശ്രീ മോഹൻ ലാൽ** നിർവ്വഹിക്കുന്നതുമാണ്.